ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 10.04.2026

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. ലെബനൻ സംഘർഷങ്ങളിൽ ആശങ്കയുണ്ടെന്നും വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ

2. സംസ്ഥാനത്ത് പോളിങ് നടപടികൾ പൂർത്തിയാക്കിയ ശേഷം വോട്ടിംഗ് യന്ത്രങ്ങൾ സ്ട്രോങ് റൂമുകളിലേക്ക് മാറ്റി. വോട്ടെണ്ണൽ മെയ് നാലിന്.

3. ഗൾഫ് മേഖലയിൽ നിർത്തിവച്ച എസ്.എസ്.എൽ.സി പരീക്ഷകൾ പുനരാരംഭിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻറെ അനുമതി തേടുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

4. മേടം,വിഷുപൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു.

5. കനത്ത ചൂടിന് ആശ്വാസം പകർന്ന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വേനൽമഴയെത്തി.

6. ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, സ്പോർട്ടിങ് ഡൽഹിയെ നേരിടുന്നു.ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ- ബെംഗളൂരുവിനെ നേരിടും.

*****************

RNU TVPM

## രൺധീർ ജയ്സ്വാൾ (ഇൻട്രോ)

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണെന്ന് വിദേശകാര്യ മന്ത്രാലയം. ലെബനൻ സംഘർഷത്തിൽ നിരവധി സാധാരണക്കാർക്ക് ജീവൻ നഷ്ടമാകുന്നതിൽ ആശങ്കയുണ്ടെന്നും വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. രാജ്യത്തെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ എംബസി എല്ലാ നടപടികളും സ്വീകരിച്ചു വരികയാണെന്നും അന്തർ മന്ത്രാലയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

*****************

## അന്തർ-മന്ത്രാലയ വാർത്താ സമ്മേളനം

പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും രാജ്യത്ത് വൈദ്യുതിയുടെയും ഊർജ്ജത്തിന്റെയും ആവശ്യകത വിജയകരമായി നിറവേറ്റിയതായും കേന്ദ്ര സർക്കാർ അറിയിച്ചു. എല്ലാ താപവൈദ്യുത നിലയങ്ങളും മതിയായ കൽക്കരി ശേഖരത്തോടെ, പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വൈദ്യുതി മന്ത്രാലയം അഡീഷണൽ സെക്രട്ടറി പിയൂഷ് സിംഗ് പറഞ്ഞു.

രാജ്യത്ത് ഗാർഹിക എൽപിജി വിതരണം സാധാരണ നിലയിലാണെന്നും, പെട്രോൾ ഡീസൽ തുടങ്ങിയവ ആവശ്യത്തിന് ലഭ്യമാണെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. പശ്ചിമേഷ്യൻ മേഖലയിലെ ഇന്ത്യൻ നാവികർ സുരക്ഷിതരാണെന്നും, 2,000-ത്തോളം നാവികർ ഇവിടെ നിന്നും ഇതിനകം മടങ്ങിയെത്തിയതായും ഷിപ്പിങ്ങ് മന്ത്രാലയം വ്യക്തമാക്കി.

*****************

RNU TVPM

## കേരളം - പുതുച്ചേരി തിരഞ്ഞെടുപ്പ്

കേരളത്തിൽ ഇന്നലെ നടന്ന വോട്ടെടുപ്പിൽ 78.27 ശതമാനം പോളിങ്. അന്തിമ കണക്കുകൾ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. 2021 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 76 ആയിരുന്നു വോട്ടിംഗ് ശതമാനം. പോളിങ്ങ് ശതമാനത്തിലെ വർദ്ധന ആർക്ക് ഗുണകരമാകും എന്ന വിലയിരുത്തലിലാണ് മുന്നണികൾ. കേരളത്തിന് പുറമേ ഇന്നലെ വോട്ടെടുപ്പ് നടന്ന അസമിൽ 85.91 ശതമാനവും, പുതുച്ചേരിയിൽ 89.87 ശതമാനവുമാണ് പോളിങ്ങ് നിരക്ക്. കേരളം ഉൾപ്പടെ തിരഞ്ഞെടുപ്പ് നടക്കുന്ന എല്ലായിടത്തും അടുത്ത മാസം നാലിനാണ് വോട്ടെണ്ണൽ. പോളിങ് നടപടികൾ പൂർത്തിയാക്കിയ ശേഷം വോട്ടിംഗ് യന്ത്രങ്ങൾ സട്രോങ് റൂമുകളിൽ കനത്ത സുരക്ഷയിലാണ് സൂക്ഷിക്കുന്നത്.

RNU TVPM

*****************

## കണ്ണൂർ- വോട്ടിംഗ് മെഷിൻ(ഇൻട്രോ)

കണ്ണൂർ ജില്ലയിൽ മൂന്ന് കേന്ദ്രങ്ങളിലാണ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ സൂക്ഷിക്കുന്നത്. പതിനൊന്നു നിയോജക മണ്ഡലങ്ങളിലെയും വോട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ സ്ട്രോങ്ങ് റൂമുകളിലേക്ക് മാറ്റി. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

*****************

## തമിഴ് നാട്- തെരഞ്ഞെടുപ്പ്

പശ്ചിമബംഗാളിൽ രണ്ടാംഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. ഒന്നാംഘട്ട

തിരഞ്ഞെടുപ്പിനായുള്ള പത്രിക പിൻവലിക്കാനുള്ള അവസാന ദിനം ഇന്നലെയായിരുന്നു. ഈ മാസം 23, 29 തീയതികളിലാണ് പശ്ചിമബംഗാളിൽ വോട്ടെടുപ്പ്. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. ഇരു സംസ്ഥാനങ്ങളിലും പ്രമുഖ നേതാക്കളെയടക്കം എത്തിച്ച് പ്രചാരണം ഊർജ്ജിതമാക്കിയിരിക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ. പശ്ചിമബംഗാളിലെ ബിജെപി പ്രകടന പത്രിക പാർട്ടിയുടെ മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്ന് പുറത്തിറക്കി. അധികാരത്തിലെത്തി ആറ് മാസത്തിനകം ഏകീകൃത സിവിൽ കോഡ് സംസ്ഥാനത്ത് നടപ്പാക്കും എന്നത് അടക്കമുള്ള വാഗ്ദാനങ്ങളാണ് പത്രികയിലുള്ളത്.

*****************

<u>മന്ത്രി വി. ശിവൻകുട്ടി</u>

ഗൾഫ് മേഖലയിൽ നിർത്തിവെച്ച എസ്.എസ്.എൽ.സി പരീക്ഷകൾ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച്, തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി തേടാൻ മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. യുദ്ധസാഹചര്യത്തെത്തുടർന്ന് താൽക്കാലികമായി നിർത്തിവെച്ച പരീക്ഷകൾ എത്രയും വേഗം പൂർത്തിയാക്കി വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുകയുമാണ് ലക്ഷ്യം. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ, പരീക്ഷാ തീയതികളും മറ്റ് നിർദ്ദേശങ്ങളും ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് മുൻപ് കമ്മീഷന്റെ അനുമതി അനിവാര്യമാണ്. പരീക്ഷാ നടത്തിപ്പിനായി എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാക്കാൻ വിദ്യാഭ്യാസ വകുപ്പിന് മന്ത്രി നിർദ്ദേശം നൽകി.

*****************

<u>യശ്വന്ത് വർമ</u>

അലഹബാദ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ രാഷ്ട്രപതി ദ്രൗപദി മുർമുവിന് രാജിക്കത്ത് സമർപ്പിച്ചു.

RNUTVPM

ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ നിന്ന് കണക്കിൽപ്പെടാത്ത പണം കണ്ടെത്തിയതിനെ തുടർന്ന് ഇംപീച്ച്മെൻറ് നടപടികൾ നേരിടുന്നതിനിടെയാണ് രാജി. ജസ്റ്റിസ് വർമയെ ഇതേ തുടർന്ന് ഡൽഹി ഹൈക്കോടതിയിൽ നിന്നും അലഹബാദ് ഹൈക്കോടതിയിലേക്ക് മാറ്റിയിരുന്നു.

*****************

## സെൻസസ്

സെൻസസ് - 2027 നടപടികളുടെ ആദ്യ ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ അഞ്ച് ലക്ഷത്തി 72 ആയിരത്തിലധികം കുടുംബങ്ങൾ 'സെൽഫ് എന്യൂമെറേഷൻ സൗകര്യം പ്രയോജനപ്പെടുത്തിയതായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ . കർണാടക, ഗോവ, ലക്ഷദ്വീപ് ഉൾപ്പെടെ 11 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് നിലവിൽ 'സെൽഫ് എന്യൂമെറേഷൻ നടക്കുന്നത് . ഏപ്രിൽ ഒന്നിന് ആരംഭിച്ച ഈ സൗകര്യം ഈ മാസം 15 വരെ ലഭ്യമാകും.

*****************

## ശബരിമല (ഇൻട്രോ)

മേടം,വിഷുപൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. വിഷു പൂജകൾ ഈ മാസം 15 ന് നടക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...
(ഹോൾഡ്)

*****************

## അവധി

ഡോ. ബി. ആർ. അംബേദ്കർ ജന്മവാർഷിക ദിനാചരണത്തിന്റെ ഭാഗമായി ഏപ്രിൽ 14 ന് രാവിലെ നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും. അംബേദ്കർ ജയന്തി പ്രമാണിച്ച് കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഈ മാസം 14 ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

*****************

<u>മഴ (ഇൻട്രോ)</u>

കനത്ത ചൂടിന് ആശ്വാസം പകർന്ന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വേനൽമഴയെത്തി. ഉയർന്ന ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 12 ജില്ലകളിൽ നാളെ വരെ മഞ്ഞ ജാഗ്രത പുറപ്പെടുവിപ്പിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

*****************

<u>അഗ്നിവീർ</u>

കരസേനയിൽ വനിതാ മിലിട്ടറി പോലീസ് - ജനറൽ ഡ്യൂട്ടി - അഗ്നിവീർ റിക്രൂട്ട്മെന്റ് റാലി ഏപ്രിൽ 27-ന് കർണ്ണാടകയിലെ മൈസുരുവിൽ നടക്കും . കേരളം, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്ന് ഷോർട്ട്ലിസ്റ്റ് ചെയ്ത വനിതാ ഉദ്യോഗാർത്ഥികൾക്കായാണ് റാലി സംഘടിപ്പിക്കുന്നത്.

*****************

<u>കീം</u>

2026-27 അധ്യയന വർഷത്തെ എൻജിനീയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷകൾ ഏപ്രിൽ 17 മുതൽ 22 വരെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും

ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, ഷാർജ, ദുബായ്, ബഹറിൻ എന്നിവിടങ്ങളിലും നടക്കും. കീം 2026-ന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷാരീതി പരിചയപ്പെടുന്നതിനായി <u>www.cee.kerala.gov.in</u> ൽ പ്രാക്ടീസ് ടെസ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

*****************

RNU TVPM

## <u>ഐപിഎൽ</u>

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. ഗുവാഹത്തി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*****************

## <u>ഐഎസ്എൽ ഫുട്ബോൾ</u>

ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, സ്പോർട്ടിങ് ഡൽഹിയെ നേരിടുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഡൽഹി ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് മുന്നിലാണ്. ഇന്ന് രാത്രി 7.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ ഗോവ, ഒഡീഷയെ നേരിടും.

*****************

## <u>ബി.സി.സി.ഐ ഫാൻ പാർക്ക്</u>

ഐ.പി.എൽ 2026-ന്റെ ആവേശം രാജ്യത്തെമ്പാടുമുള്ള ക്രിക്കറ്റ് ആരാധകരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ബി.സി.സി.ഐ ഫാൻ പാർക്കുകളുടെ രണ്ടാം ഘട്ട പട്ടിക പുറത്തിറക്കി. കേരളത്തിൽ നിന്നുള്ള ക്രിക്കറ്റ് പ്രേമികൾക്ക് ആവേശമായി കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഇത്തവണ പട്ടികയിൽ ഇടംപിടിച്ചു. ഏപ്രിൽ 18, 19 തീയതികളിൽ പുതുപ്പള്ളിയിലെ ആരാധകർക്ക് സ്റ്റേഡിയത്തിന് സമാനമായ അന്തരീക്ഷത്തിൽ മത്സരങ്ങൾ തത്സമയം ആസ്വദിക്കാൻ ബി.സി.സി.ഐ അവസരമൊരുക്കും. 30 നഗരങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ ഫാൻ പാർക്കുകൾ ഒരുങ്ങുന്നത്.

*****************

## <u>ഓഹരി/ സ്വർണ്ണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . സെൻസെക്സ് 919 പോയിന്റ് ഉയർന്ന് 77,550 ലും, നിഫ്റ്റി 276 പോയിന്റ് നേട്ടത്തിൽ 24,051ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണ വില ഇന്ന് ഉച്ചക്ക് ശേഷം കുറഞ്ഞു. പവന് രാവിലെ 600 രൂപ ഉയർന്ന് ഒരു ലക്ഷത്തി 12,200 രൂപ ആയിരുന്നത്,

PRD TVPM

ഉച്ചയോടെ 480 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,720 രൂപയായി. ഗ്രാമിന് വില 13,965 രൂപയാണ്.

*****************

**************

**********

RNU TVPM